**കേരള സർക്കാർ**

പൊതുഭരണ വകുപ്പ് - സെക്രട്ടേറിയറ്റിൽ ആക്സസ് കൺട്രോൾ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിലേക്ക് ചുമതല മാറ്റി നൽകിയും ആക്സസ് കൺട്രോൾ സംവിധാനം ഏപ്രിൽ ഒന്ന് മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയും ഉത്തരവാകുന്നു.

---

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

സ.ഉ.(കൈ) നം.44/2023/പൊ.ഭ.വ. തീയതി, തിരുവനന്തപുരം 18.03.2023

---

പരാമർശം: സർക്കാർ ഉത്തരവ് (എം.എസ്) നം. 184/2021/പൊ.ഭ.വ. തീയതി 14.10.2021

## ഉത്തരവ്

പരാമർശിത സർക്കാർ ഉത്തരവിൽ ഭാഗികമായി ഭേദഗതി വരുത്തി സെക്രട്ടേറിയറ്റിലെ ആക്സസ് കൺട്രോൾ സംവിധാനത്തിന്റെ പദ്ധതി നിർവ്വഹണം പൊതുമരാമത്ത് സിവിൽ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് വിഭാഗങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

2023 ഏപ്രിൽ ഒന്ന് മുതൽ എല്ലാ ജീവനക്കാരും അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള സഞ്ചാരത്തിന് ആക്സസ് കൺട്രോൾ സംവിധാനം ഉപയോഗിക്കേണ്ടതാണ്. രണ്ടു മാസത്തേയ്ക്ക് ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും തുടർന്ന് അതിൽ നിന്നുള്ള നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് ബയോമെട്രിക് ഹാജർ സംവിധാനവുമായി ആക്സസ് കൺട്രോൾ സംവിധാനത്തെ യോജിപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ ജീവനക്കാർക്കും
മാനേജിങ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം.
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ്.
ഐ ആന്റ് പി.ആർ വകുപ്പ് (വെബ് & ന്യൂ മീഡിയ)

***ഉത്തരവിൻപ്രകാരം***

***സെക്ഷൻ ഓഫീസർ***

പകർപ്പ്:
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.